©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ജൂൺ 25<br>25th June 2024<br>1199 മിഥുനം 11<br>11th Mithunam 1199<br>1946 ആഷാഢം 4<br>4th Ashadha 1946 | നമ്പർ<br>No. | 2020 |

### പുനലൂർ നഗരസഭ

### വിജ്ഞാപനം

ഇ3/18613/17(1) *24/06/2024*

2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ട് (2016- ലെ 9) -36 വകുപ്പിന്റെ ഉപവകുപ്പ് 4 പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കൈ) 19/2024/LSGD തീയതി: 31/01/2024 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതായ പുനലൂർ നഗരസഭ പ്രദേശത്തിന്റെ കരട് മാസ്റ്റർപ്ലാൻ പരിഷ്കരണങ്ങളോട്കൂടി പുനപ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടിസ്.

(ഒപ്പ്)

സെക്രട്ടറി

പുനലൂർ നഗരസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം -IV

[ചട്ടം 19 (2) കാണുക]

പുനലൂർ മുനിസിപ്പൽ കൌൺസിൽ

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36 വകുപ്പിന്റെ 4 ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പുന:പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർപ്ലാൻ പുനലൂർ മുനിസിപ്പൽ കൌൺസിൽ പരിഷ്കരണങ്ങളോട്കൂടി സ്വീകരിച്ചത് പുനലൂർ മുനിസിപ്പൽ കൌൺസിൽ ഔദ്യോഗിക വെബ് സൈറ്റായ http://www.punalurmunicipality.in – 2016 ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016 ലെ 9) 36 വകുപ്പിന്റെ 4 ഉപവകുപ്പ് പ്രകാരം സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : വിളക്കുടി ഗ്രാമപഞ്ചായത്ത് , പിറവന്തൂർ ഗ്രാമപഞ്ചായത്ത്

കിഴക്ക് : തെന്മല ഗ്രാമപഞ്ചായത്ത്,ഏരൂർ ഗ്രാമപഞ്ചായത്ത്

തെക്ക് : ഏരൂർ ഗ്രാമപഞ്ചായത്ത് ,കരവാളൂർ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : കരവാളൂർ ഗ്രാമപഞ്ചായത്ത് ,വിളക്കുടി ഗ്രാമപഞ്ചായത്ത്

കരട് മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

1.ചെമ്മന്തുർ ഏരിയ

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സ്റ്റാന്റ് ഏരിയ

3. പുനലൂർ മാർക്കറ്റ് ഏരിയ

(ബി) പ്രസിദ്ധീകരിച്ച വിശദനഗരാസൂത്രണപദ്ധതികൾ- ഒന്നുമില്ല

(സി) റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി കാരണ സഹിതം വിശദീകരിക്കുക

1. ചെമ്മന്തുർ ഏരിയ
2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സ്റ്റാന്റ് ഏരിയ
3. പുനലൂർ മാർക്കറ്റ് ഏരിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ച് കൊണ്ടും മിച്ചമുള്ള പദ്ധതി ഉദ്ദേശ്യങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയതിനാലും ചില പദ്ധതികളുടെ ഉദേശ്യലക്ഷ്യങ്ങൾ കാലഹരണപ്പെട്ടതിനാലും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്നു .

(ഡി) നിലനിർത്തുന്ന വിശദനഗരാസൂത്രണപദ്ധതികൾ- ഒന്നുമില്ല

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതു ജനങ്ങൾക്ക് പരിശോധനയ്ക്കായി പുനലൂർ മുനിസിപ്പൽ കൌൺസിൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താൽപ്പര്യമുള്ള ഏതൊരാൾക്കും ഇത് സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ ദിവസത്തിനകം പുനലൂർ മുനിസിപ്പൽ കൌൺസിൽ സെക്രട്ടറിക്ക് രേഖാമൂലം എഴുതി 60 നൽകാവുന്നതാണ്.

2016 –ലെ കേരള നഗരാസൂത്രണ ആക്ടിന്റെ (2016-ലെ 9) 61-വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതോരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂ വികസനം നടപ്പാകുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(ഒപ്പ്)

സെക്രട്ടറി/ ചെയർപേർസൺ

പുനലൂർ

24.06.2024

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.06.25 08:08:15 +05:30